# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T.2197 — 20.06.2012-ൽ മറുപടിക്ക്

## വ്യായാമം നടത്തുന്നവർക്കായി റോഡിൽ പ്രത്യേക ഭാഗം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.തിലോത്തമൻ : | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പുതിയ ജീവിതശൈലികളും വ്യായാമക്കുറവും മൂലം മനുഷ്യരിൽ ബഹുഭൂരിപക്ഷംപേർക്കും ഒട്ടേറെ രോഗങ്ങളുണ്ടാകുന്നുണ്ടെന്നും ആയതിനെ ഒരളവുവരെ ചെറുക്കാൻ ദിവസേനയുള്ള നടപ്പ് പ്രയോജനപ്പെടുന്നുണ്ടെന്നും ബോധ്യപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) എന്നാൽ പൊതുജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി ഒരു വ്യായാമമെന്ന നിലയ്ക്കും മറ്റ് ആവശ്യങ്ങൾക്കുവേണ്ടിയും മനുഷ്യർക്ക് നടന്നു പോകാവുന്നതല്ല നമ്മുടെ റോഡുകൾ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | വ്യായാമത്തിനുവേണ്ടിയുള്ള പ്രഭാത സവാരിക്കിടയിൽ കാൽനടയാത്രക്കാർക്ക് അപകടം സംഭവിച്ചിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) കാൽനട യാത്രയ്ക്കായി എല്ലാ റോഡുകളിലും ഒരു പ്രത്യേക ഭാഗം ഒഴിച്ചിടുന്നതിനും കാൽനട യാത്രക്കാർക്ക് സുരക്ഷിതത്വബോധം ഉണ്ടാക്കുംവിധം നിയമനിർമ്മാണം നടത്തുന്നതിനും ആരോഗ്യവകുപ്പ് ശ്രമിക്കുമോ ; | | (സി) & (ഡി): ആരോഗ്യ വകുപ്പിനു മാത്രമായി ഇക്കാര്യത്തിൽ പ്രത്യേക നടപടികൾ ഇല്ല. |
| (ഡി) ഇന്ധന ദൗർലഭ്യത്തിനെതിരെ ഒരു പരിഹാരം എന്ന നിലയിലും മേൽപ്പറഞ്ഞ ആരോഗ്യപ്രശ്നങ്ങൾക്കുള്ള മറ്റൊരു പരിഹാരം എന്ന നിലയിലും സൈക്കിൾ സവാരി ചെയ്യുന്നവരുടെ സംരക്ഷണത്തിന് ഉചിതമായ നിയമനിർമ്മാണത്തിന് ആരോഗ്യവകുപ്പ് ശ്രമിക്കുമോ ? | | |

സെക്ഷൻ ഓഫീസർ